# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2685 — 14.12.2015-ൽ മറുപടിക്ക്

## അരുവിക്കരയിലെ പുതിയ ജലശുദ്ധീകരണ ശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി : | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. ജപ്പാൻ കടിവെള്ള പദ്ധതിയിൽ പൂർത്തിയാക്കിയ തിരുവനന്തപുരം അരുവിക്കരയിലെ പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണച്ചുമതല ഏത് കമ്പനിക്കായിരുന്നു; | എ. M/s. Degremont, എന്ന കമ്പനിയ്ക്കായിരുന്നു. |
| ബി. ഏത് വർഷമാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത്; കരാറനുസരിച്ച് എത്രവർഷമാണ് പ്രസ്തുത കമ്പനി തന്നെ ഈ ശുദ്ധീകരണ ശാല പ്രവർത്തിപ്പിക്കേണ്ടത്; | ബി. 2011-ൽ നിർമ്മാണം പൂർത്തിയാക്കി, 2 വർഷം. |
| സി. പ്രസ്തുത ശുദ്ധീകരണശാലയിൽ ഏത് സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത് ; വിശദാംശം നൽകുമോ; | സി. പൾസേറ്റർ സാങ്കേതിക വിദ്യയാണ് പ്രസ്തുത ശുദ്ധീകരണശാലയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. M/s.Degremont എന്ന കമ്പനിയ്ക്ക് ഈ സാങ്കേതിക വിദ്യയിൽ പേറ്റന്റ് ഉണ്ട്. |

ഇത് ഏതെങ്കിലും കമ്പനിയുടെ പേറ്റന്റ് ഉള്ള സാങ്കേതിക വിദ്യയാണോ ;

ഡി. ശുദ്ധീകരണശാല പ്രവർത്തിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയിലെ എൻജിനീയർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ടോ; ഇത് പൂർണ്ണമായി വാട്ടർ അതോറിറ്റിക്ക് കൈമാറുമോ; എങ്കിൽ എന്നത്തേയ്ക്ക് എന്നറിയിയ്ക്കുമോ?

ഡി. പരിശീലനം നൽകിയിട്ടുണ്ട്. മേയ് 2013 ൽ ഇതിന്റെ പ്രവർത്തനം പൂർണ്ണമായും വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ